**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 736** **24-08-2022 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിന് പുനരുദ്ധാരണ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്കിനായി പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. കരുവന്നൂർ സഹകരണ ബാങ്ക് പുനരുദ്ധാരണത്തിനായും നിക്ഷേപകർക്ക് തുക തിരികെ നൽകുന്നതിലേക്കായുമുള്ള പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 20/08/2022 തിയതിയിലെ സ.ഉ (സാധാ) നം 564/2022/സഹ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കരുവന്നൂർ സഹകരണ ബാങ്കിന്റെ പേരിൽ ക്രമക്കേട് നടത്തിയ വ്യക്തികളുടെ സ്വത്തുക്കൾ കണ്ടുകെട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ക്രൈം ബ്രാഞ്ച് നടത്തിയിട്ടുള്ള അന്വേഷണത്തിൽ കുറ്റാരോപിതരായി കണ്ടെത്തിയവരുടെ സ്വത്തുകൾ **Criminal Law Amendment Ordinance 1944** പ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ രജിസ്ട്രാർ, ജില്ലാ ഗവ.പ്ലീഡർ, ജില്ലാ പോലീസ് മേധാവി, ക്രൈം ബ്രാഞ്ച് അധികാരികൾ, തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) എന്നിവരുടെ യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരുടെ സ്വത്തുകൾ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സഹകരണ ബാങ്ക് ഉദ്യോഗസ്ഥർ ജോലിയിൽ മന:പൂർവം വീഴ്ച വരുത്തിയാൽ കർശന നടപടിയെടുക്കാൻ സഹകരണ നിയമത്തിൽ വ്യവസ്ഥകളുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിയമഭേദഗതി വരുത്താൻ തയ്യാറാകുമോ? | (സി) | സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമം വകുപ്പ് 94(8), 94(8)(എ), 94(8)(ബി) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം സഹകരണ സ്ഥാപനങ്ങളിലെ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമെതിരെ ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിച്ചുകൊണ്ട് ക്രിമിനൽ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 11/79, 50/21 സർക്കുലർ പ്രകാരം ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ